പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 14/06/2013 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ **1456**

## അന്യം നിന്നുകൊണ്ടിരിക്കുന്ന വിളകളുടെ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന വിളകൾ കൃഷി ചെയ്യുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി കൾ വിശദമാക്കുമോ ; | **(എ)** നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നെല്ലിനങ്ങളായ ഞവര, പൊക്കാളി, ബസ്മതി എന്നീ നെല്ലിനങ്ങൾ 2012 2013 വർഷം 6 ജില്ലകളിലായി ആകെ 1,000 ഹെക്ടർ സ്ഥലത്ത് ഹെക്ടറൊന്നിന് 10,000 രൂപ സബ്സിഡി നിരക്കിൽ കൃഷി ചെയ്യുകയുണ്ടായി. 2013-14 വർഷത്തിൽ 250 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10000/- രൂപ സബ്സിഡി നൽകി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| **(ബി)** പ്രസ്തുത നടപടികൾ മൂലം എത്ര ഏക്കർ ഭൂമിയിൽ പുതുതായി കൃഷി ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; | **(ബി)** 3,125 ഏക്കർ സ്ഥലത്ത് പുതുതായി കൃഷി ആരംഭിച്ചു. |
| **(സി)** ഇതുമൂലം ഉത്പാദനത്തിൽ ഉണ്ടായ വർദ്ധനവ് അറിയിക്കാമോ? | **(സി)** ഹെക്ടറിന് ഏകദേശം 500 മുതൽ 600 കി.ഗ്രാം വരെ അധിക വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ